"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- വർക്കല ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 2015-16- ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 64/15-16, 39/15-16 എന്നീ പ്രോജക്ടുകൾക്ക് സാധൂകരണം നൽകി പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എസ്‌സി) വകുപ്പ്**

സ.ഉ.(സാധാ) നം.13/2023/LSGD തീയതി,തിരുവനന്തപുരം, 04-01-2023

---

പരാമർശം:-
1. വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.06.2019, 20.07.2021 എന്നീ തീയതികളിലെ ബിപി2/1256/2017 നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 06.12.2022 ലെ CRD/4266/2022-DP-2 നമ്പർ കത്ത്.

**ഉത്തരവ്**

വർക്കല ബ്ലോക്ക് പഞ്ചായത്ത് 2015-16 ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ, 64/15-16-പുന്നക്കുഴി എസ് സി കോളനി-മണ്ണാന്റെ വാതുക്കൽ നടപ്പാലം നിർമാണം (ചെലവ്- 9,14,300/-), 39/15-16 -വെട്ടൂർ പഞ്ചായത്തിലെ മൂലക്കട കലുങ്ക് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും(ചെലവ് 11,86,111/-) എന്നീ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖല ചുമതലയിൽപെടാത്തത് ആയതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ളതായും അതിനാൽ സാധൂകരണം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ള പ്രദേശവാസികൾക്ക് പ്രസ്തുത പദ്ധതികളിലൂടെ പ്രയോജനം ലഭിക്കുന്നു എന്ന വസ്തുത കണക്കിലെടുത്തും പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നതും ഈ വിഷയവുമായി ബന്ധപ്പെട്ട വർക്കല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം പരിഗണിച്ചും ടി രണ്ട് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ വർക്കല ബ്ലോക്ക് പഞ്ചായത്തിന്റെ നടപടികൾക്ക് സാധൂകരണം നൽകാവുന്നതാണ് എന്നും കൂടാതെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും സർക്കാർ സാധൂകരണം ശുപാർശ ചെയ്തിട്ടുണ്ട് എന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വർക്കല ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 2015-16- ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 64/15-16, 39/15-16 എന്നീ പ്രോജക്ടുകൾക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, വർക്കല ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ